പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1976 14.07.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി യുടെ ചെലവ് കുറയ്ക്കുന്നതിന് നടപടി

ചോദ്യം

ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഇന്ധനവിലയിൽ ഉണ്ടായ വർദ്ധനവ് കെ.എസ്.ആർ.ടി.സിയുടെ ദൈനംദിന ചെലവിൽ എത്ര രൂപയുടെ വർദ്ധനവ് വരുത്തുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഡീസലിന്റെ വിലയിൽ ഒരു രൂപയുടെ വർദ്ധനവ് കെ.എസ്.ആർ.ടി.സി. ക്ക് പ്രതിദിനം 4 (നാല്) ലക്ഷം രൂപയുടെ അധിക ബാധ്യത ഉണ്ടാക്കുന്നു. എറ്റവും ഒടുവിലെ ഡീസൽ വില വർദ്ധനവ് മൂലം കോർപ്പറേഷന് പ്രതിദിനം 12 (പന്ത്രണ്ട്) ലക്ഷം രൂപയുടെ അധിക ചെലവ് വരുന്നുണ്ട്. |
| (ബി) | ഇന്ധനത്തിനായി കെ.എസ്.ആർ.ടി.സിയുടെ പ്രതിദിന ചെലവ് എത്ര രൂപയാണ്; | (ബി) | ഇന്ധനത്തിനായി കെ.എസ്.ആർ.ടി.സി പ്രതിദിനം 1,75,00,000/- രൂപ ചെലവാക്കുന്നു. |
| (സി) | ചെവല് കുറയ്ക്കുന്നതിന് എന്തെങ്കിലും ശാസ്ത്രീയ പഠനം കോർപ്പറേഷൻ നടത്തിയിട്ടുണ്ടോ; | (സി) യും (ഡി) യും | നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി വാഹനങ്ങളിൽ ഡീസലിനുപകരം സി.എൻ.ജി ഉപയോഗിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. സി.എൻ.ജി ഉപയോഗത്തിലൂടെ ഇന്ധനചെലവിൽ 45 ശതമാനം കുറവ് പ്രതീക്ഷിക്കുന്നുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുവാനും, അന്തരീക്ഷ മലിനീകരണം കുറയ്ക്കുവാനും |

| | | | |
|---|---|---|---|
| (ഡി) | ഇല്ലെങ്കിൽ അത് നടത്തുന്നകാര്യം പരിഗണിക്കുമോ? | | ഇത് സഹായിക്കുമെന്ന് മാത്രമല്ല അറ്റകുറ്റപണികൾ കുറവായിരിക്കുന്നതുമൂലം ആ ഇനത്തിലുള്ള ചെലവ് കുറയ്ക്കുവാനും ഇതിലൂടെ സാധിക്കും. |

**സെക്ഷൻ ഓഫീസർ**